ഉത്തരം

(എ-സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് 17-5-1998-ൽ ഇന്ത്യൻ പ്രധാനമന്ത്രിയും 26-3-2000-ൽ കേന്ദ്രമന്ത്രി ശ്രീ. ഒ. രാജഗോപാലിന്റെ നേതൃത്വത്തിലുള്ള പാർലമെന്ററി കമ്മിറ്റിക്കും ഇതിനായി നിവേദനം നൽകിയിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

മണ്ഡല ഉത്സവകാലത്ത് ശബരിമലയിൽ ചികിത്സാ സൗകര്യമൊരുക്കുന്നതിന് നൽകേണ്ട തുക

48 (1605) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡല ഉത്സവകാലത്ത് ശബരിമലയിൽ ചികിത്സാ സൗകര്യമൊരുക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഗവൺമെന്റിന് എന്തെങ്കിലും തുക നൽകേണ്ടതുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഇനത്തിൽ എന്ന് അറിയിക്കുമോ ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഈയിനത്തിൽ ഇതുവരെ എന്ത് തുക ദേവസ്വം ബോർഡ് ഗവൺമെന്റിലേയ്ക്ക് അടച്ചു ;

(ഡി) ഇനി എന്ത് തുക അടയ്ക്കുവാനുണ്ട് ?

ഉത്തരം

(എ&ബി) മണ്ഡല ഉത്സവകാലത്ത് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും ശബരിമലയിൽ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ഡിഎം. ട്രെയിനീസിന് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ഓണറേറിയം നൽകി വരുന്നുണ്ട് എന്നും സാനിറ്റേഷൻ ജോലികൾക്ക് പത്തനംതിട്ട ജില്ലാ കളക്ടർ ചെയർമാനായ സാനിട്ടേഷൻ സൊസൈറ്റിക്ക് ഇക്കഴിഞ്ഞ ശബരിമല ഉത്സവകാലത്ത് പതിനഞ്ച് ലക്ഷം രൂപ നൽകി എന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിൽ നിന്ന് ഗവൺമെന്റിന് തുക ഒന്നും നൽകുന്നില്ല.

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഫിനാൻസ് ആന്റ് അക്കൗണ്ടിംഗ് ഓഫീസറുടെ നിയമനം

49 (1606) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതി വിധിയനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ഒരു ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസറെ നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഉദ്യോഗസ്ഥൻ എത്ര ആഡിറ്റ് റിപ്പോർട്ടുകളോ നോട്ടുകളോ ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ടോ ;

(സി) ഈ റിപ്പോർട്ടുകളിന്മേലോ നോട്ടുകളിന്മേലോ ഒട്ടാകെ എന്തു തുക ഉൾക്കൊള്ളുന്ന സാമ്പത്തിക ക്രമക്കേടുകളെ സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞിട്ടുണ്ട് ;

(ഡി) ഈ ക്രമക്കേടുകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ഒരു നടപടിയും സ്വീകരിക്കാത്ത പക്ഷം അതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഇ) ഈ ഉദ്യോഗസ്ഥനെ നിയമിക്കുവാൻ ഹൈക്കോടതി ഉത്തരവിന് എന്തു ഉദ്ദേശത്തോട് കൂടിയായിരുന്നു എന്ന് അറിയിക്കുമോ ;

(എഫ്) ഈ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടോ നോട്ടോ അനുസരിച്ച് സാമ്പത്തിക ക്രമക്കേടുകൾ കാണിച്ചതാരെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-എഫ്) ഇത് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വരുന്നു.

തിരുവിതാംകൂർ ദേവസ്വംബോർഡ് ഇന്റേണൽ ആഡിറ്റ് വിഭാഗത്തിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ടവർ

50 (1607) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് തിരുവിതാംകൂർ ദേവസ്വംബോർഡിൽ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിൽ അക്കൗണ്ടൻറ് ജനറൽ ഓഫീസിൽനിന്നും എത്രപേരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചു ;

(ബി) ഇവരുടെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണ് ;

(സി) ഇവർ എത്ര ആഡിറ്റ് റിപ്പോർട്ടുകളോ നോട്ടുകളോ ഇതുവരെ ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട് ;

(ഡി) ഈ റിപ്പോർട്ടുകളിലും നോട്ടുകളിലും ഒട്ടാകെ എന്തു തുകയ്ക്കുള്ള ക്രമക്കേടുകളെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്നുണ്ട് ;

(ഇ) ഈ ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരെല്ലാമാണ് ;

(എഫ്) അവരുടെ മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു ഫൈനാൻസ് അക്കൗണ്ട്സ് ഓഫീസറേയും രണ്ട് ആഡിറ്റർമാരെയും അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയോഗിച്ചിട്ടുണ്ടായിരുന്നുവെന്നും അവരുടെ ഡെപ്യൂട്ടേഷൻ കാലാവധിപൂർത്തി ആയതിനെ തുടർന്ന് അക്കൗണ്ടന്റ് ജനറൽ ഓഫീസിലേയ്ക്ക് റിലീവ് ചെയ്തിട്ടുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly